ഹരിതകേരളം മിഷൻ
കേരള സർക്കാർ

17.01.2020

# പത്രക്കുറിപ്പ്

## സ്വാപ് ഷോപ്പ് : പഴയ സാധനങ്ങൾ വിൽക്കാനും വാങ്ങാനും

നിങ്ങൾ പഴയതെന്നോ ഉപയോഗശൂന്യമെന്നോ കരുതുന്ന ഒരു സാധനം മറ്റൊരാൾക്ക് പുതിയതും ഉപയോഗപ്രദമായതുമാകാം. ഇത്തരം വസ്തുക്കൾ നൽകുവാനും വാങ്ങുവാനുമുള്ളതാണ് സ്വാപ്ഷോപ്പുകൾ. സൂര്യകാന്തിയിലെ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ശുചിത്വ സംഗമം എക്സിബിഷനിലും സ്വാപ് ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. സ്റ്റാളിലെത്തിക്കുന്ന ഇത്തരം വസ്ത്രങ്ങളും മറ്റും ധരാളം പേർ വാങ്ങുന്നുണ്ട്. കുട്ടികൾക്ക് ചെറുതായതിനാൽ ഉപയോഗിക്കാൻ കഴിയാത്ത നല്ല വസ്ത്രങ്ങൾക്കാണ് കൂടുതൽ ഡിമാൻഡ്. കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പുനരുപയോഗ സാധ്യമായ സാധനങ്ങളാണിവിടെ വിൽപ്പനയ്ക്കുള്ളത്. അത്തരം വസ്ത്രങ്ങൾ വൃത്തിയായി അലക്കിത്തേച്ച് ഇവിടെയെത്തിക്കൂ അത് മറ്റൊരാൾക്ക് ഉപയോഗപ്രദമായി മാറും. അതുപോലെതന്നെ പ്രവർത്തന ക്ഷമമായ ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവയും ഇവിടെ കൊണ്ട് വരാം. മറ്റൊരാൾക്ക് അത് ഉപയോഗപ്പെട്ടേയ്ക്കാം. ഇവിടെ നിന്നും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കുന്നത് തികച്ചും സൗജന്യമാണ്.

### പാള വെറും പാളയല്ല

വിദേശത്തെ എഞ്ചിനീയറിംഗ് ജോലി രാജിവെച്ച് നാട്ടിലെത്തുമ്പോൾ കാസർഗോഡ് സ്വദേശിയായ ദേവകുമാറിന്റേയും ഭാര്യ ശരണ്യയുടേയും സ്വപ്നങ്ങളിൽ പാള മാത്രമായിരുന്നു. അങ്ങനെയാണ് ഒരു വർഷം മുമ്പ് പാപ്ല പിറക്കുന്നത്. പാളയുടെ ഉപയോഗം എന്താണെന്ന് ചോദിച്ചാൽ തൊപ്പി ഉണ്ടാക്കാം എന്ന പതിവ് പല്ലവിയിൽ നിന്ന് മാറി ചിന്തിച്ചപ്പോൾ അലങ്കാര വസ്തുക്കളും ഉപയോഗപ്രദമായ ഉത്പന്നങ്ങളും. പ്ലാസ്റ്റിക് ഗ്രോ ബാഗുകൾക്ക് പകരം പാള കൊണ്ടുള്ള തികച്ചും പ്രകൃതി സൗഹൃദമായ ഗ്രോബാഗുകളും രൂപം കൊണ്ടു. മണ്ണിലലിഞ്ഞു ചേരുന്ന ഈ ഗ്രോബാഗ് പ്ലാസ്റ്റിക് ഗ്രോ ബാഗുകൾ കൊണ്ടുണ്ടാകുന്ന മലിനീകരണ ഭീഷണിക്ക് ബദലാണ്. ഇതിന് പുറമേ പാള കൊണ്ട് നിർമ്മിച്ച ക്ലോക്കുകൾ, പാള ബാഡ്ജുകൾ എന്നിവ സ്റ്റാളിലെ വ്യത്യസ്തത പുലർത്തുന്ന ഉത്പന്നങ്ങളാണ്.

പാളയിൽ മയിലും പൂക്കളും നിർമ്മിച്ച് കരവിരുത് തെളിയിച്ചിരിക്കുകയാണ് ബേഡഡുക്ക ഗ്രാമപഞ്ചായത്ത്. പാളകൊണ്ടുള്ള നിരവധി അലങ്കാര വസ്തുക്കളാണ് ഇവരുടെ സ്റ്റാളിന്റെ പ്രത്യേകത. പാളകൊണ്ട് തീർത്ത മനോഹര രൂപങ്ങൾ ഫ്രെയിം ചെയ്തിരിക്കുന്നത് സന്ദർശകരുടെ ശ്രദ്ധയാകർഷിക്കുന്നതാണ്.

ശുചിത്വ സംഗമം എക്സിബിഷനിൽ ഇത്തരം ഉത്പന്നങ്ങളുടെ നൂറിലേറെ സ്റ്റോളുകളാണുള്ളത്. ആവശ്യമുള്ളവർക്ക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും നൽകുന്നുണ്ട്. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളും മേളയിൽ ധാരാളമായെത്തുന്നു. കുട്ടികൾക്കായി ആക്ടിവിറ്റി കോർണറുകളിലും ക്വിസ് മത്സര വേദിയിലും നല്ല തിരക്കുണ്ട്.

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in M1016